# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.പ്രഭാകരൻ, 12.07.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 17.07.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1694(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച ഫയൽ കാണാനില്ലെന്നും അഴിമതിയുള്ള ഫയലുകൾ നശിപ്പിച്ചു കളയുകയോ കാണാതെ മാറ്റി വയ്ക്കുകയോ ആണ് ചെയ്യുന്നതെന്നും വിവരാവകാശ നിയമപ്രകാരം അപേക്ഷ നൽകിയാൽ മറുപടിയോ രേഖയോ നൽകാറില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 14.01.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കൊച്ചി നഗരസഭ 6-ാം ഡിവിഷനിൽ നെരോത്ത്ചാണ്ടി & CO H.No.123, മട്ടാഞ്ചേരി പി.ഒ., കൊച്ചി - 2 എന്നയാൾ 8 പൈതൃക സംരക്ഷണ കേന്ദ്രത്തിൽ റിപ്പയർ എന്നു കാണിച്ച് അതിനുമാത്രം അനുമതി വാങ്ങി കെട്ടിടം മൊത്തം ഇടിച്ച് പുതിയ നിർമ്മാണം നടത്തി അടിസ്ഥാനരേഖകൾ വ്യതിചലിപ്പിച്ചും കടമുറികൾ നിർമ്മിക്കപ്പെട്ടതു സംബന്ധിച്ചു നൽകിയ പരാതിയിൽ നാളിതുവരെ കൈക്കൊണ്ട നിയമനടപടികളുടെ പകർപ്പ് നൽകണമെന്നും ഇവർ കൊച്ചി നഗരസഭയിൽ ഹാജരാക്കിയ ഭൂമി സംബന്ധമായ രേഖകൾ വ്യാജമാണെന്നതു സംബന്ധിച്ചും റോഡ് കൈയ്യേറ്റം നടത്തിയതു സംബന്ധിച്ചും അന്വേഷണം നടത്താതിരുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകണമെന്നും കൊച്ചി നഗരസഭയുടെ റോഡ് ഉൾപ്പെടെ കൈയ്യേറ്റം നടത്തി ഓടിട്ടിരുന്ന ഒരു ഷെഡിന്റെ മറവിൽ നടത്തിയ തട്ടിപ്പും വെട്ടിപ്പിനെപ്പറ്റിയും റവന്യൂ രേഖകൾ പരിശോധിച്ചും പുതിയ കെട്ടിടത്തിന്റെ അസസ്മെന്റ് കണക്കാക്കി വ്യക്തമായ രേഖകൾ അടിയന്തിരമായി നൽകണമെന്നാണ്. തുടർന്ന് 09.03.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 05.04.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് വിവരങ്ങൾ ലഭ്യമാക്കിയതായി കാണുന്നില്ലെന്നും ടി സാഹചര്യത്തിൽ ടിയാന്റെ

